പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5147 28.10.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധനക്ഷമത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്.ആർ. ടി.സി. ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചീഫ് ഓഫീസ് തലത്തിൽ ഫ്യുവൽ സെൽ രൂപീകരിക്കുകയും, അതിന് താഴെ എട്ട് അസിസ്റ്റന്റ് വർക്സ് മാനേജർമാർക്ക് കീഴിൽ ഫ്യുവൽ ബാച്ചുകൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കേരളത്തിലെ മുഴുവൻ യൂണിറ്റുകളിലേയും ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിശോധനയ്ക്കും മേൽ സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർ, മെക്കാനിക്കുകൾ എന്നിവർക്ക് ട്രെയിനിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ കൗൺസിലിംഗ് എന്നിവ തനതു സംവിധാനം വഴിയും വാഹന നിർമ്മാതാക്കൾ വഴിയും, പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷൻ (PCRA) വഴിയും നടത്തിവരുന്നു. |
| (ബി) | ഇന്ധനക്ഷമത കൂട്ടുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. യുടെ തൊട്ടിൽപാലം ഡിപ്പോയിൽ 10.09.2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. കംപ്രസ്ഡ് നാച്വറൽ ഗ്യാസി (CNG)-ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇന്ധനക്ഷമത കൂട്ടാനും പരിസ്ഥിതി മലിനീകരണം കുറയ്ക്കാനും കഴിയും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ. നം | നഗരസഭയുടെ പേര് | ഡി.പി.സി അംഗീകരിച്ച തുക | മേഖലാ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്ത തുക | ആദ്യഗഡുവായി അംഗീകരിക്കാവുന്ന തുക | പ്രവൃത്തികളുടെ എണ്ണം | പദ്ധതി പ്രകാരം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|
| | **2016-17 സാമ്പത്തിക വർഷം നഗരസഭകൾ സമർപ്പിച്ച ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ** | | | | | |
| 1 | കൊടുങ്ങല്ലൂർ | 5,00,00,000/- | 1,76,50,000/- | 44,12,500 | 120 | 1,41,509 |
| 2 | കുന്നംകുളം | 1,22,66,003/- | 91,04,000/- | 22,76,000/- | 203 | 51,982 |
| 3 | ചങ്ങനാശ്ശേരി | 77,11,200/- | 77,11,200/- | 19,27,800/- | 380 | 35,700 |
| 4 | പാല | 2,.35,90,708 | 2,35,90,708/- | 50,00,000/- | 40 | 73621 |
| 5 | പത്തനംതിട്ട | 1,58,50,000/- | 1,58,50,000/- | 39,62,500/- | 237 | 62293 |
| 6 | കാസറഗോഡ് | 33,86,435/- | 29,46,535/- | 7,36,664/- | 171 | 12779 |
| 7 | മാനന്തവാടി | 48,62,40,700/- | 32,42,00,700/- | 50,00,000/- | 1436 | 1273993 |
| 8 | വർക്കല | 1,15,71,000/- | 1,15,71,000/- | 28,92,750/- | 76 | 57850 |
| | ആകെ | 61,06,16,046/- | 41,26,24,143/- | * 2,62,08,214/- | 2663 | 1582377 |

* മേഖലാ ജോയിന്റ് ഡയറക്ടർ അംഗീകരിക്കുന്ന തുകയുടെ 25 ശതമാനമോ 50 ലക്ഷം രൂപയോ ആയതിൽ ഏതാണോ കുറവ് തുക ഒന്നാം ഗഡുവായി നഗരസഭയ്ക്ക് അനുവദിച്ച് നൽകുന്നു.